തിരുവനന്തപുരം

എച്ച് 5/ 3360/2012/ഡി.എം.ഇ. തീയതി: 06/02/2012

<u>വിജ്ഞാപനം</u>

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - 2012 ലെ പൊതു സ്ഥലം മാററം - അപേക്ഷകൾ ക്ഷണിച്ചുകൊ ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. സർക്കാർ ഉത്തരവ് (ആർ.ററി) നമ്പർ 504/05 ആ.കു.വ. തീയതി 21/2/05.
2. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 379/12/ആ.കു.വ. തീയതി:2/02/2012

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ വിഭാഗത്തിൽപ്പെട്ട ജീവനക്കാരിൽ നിന്നും ഈ വർഷത്തെ പൊതു സ്ഥലം മാററത്തിനു പരിഗണിക്കാൻ മേൽ സൂചന 2 ലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. സ്ഥലം മാററത്തിനു വേ ിയുള്ള അപേക്ഷകൾ ഫെബ്രുവരി 10-ാം തീയതിക്കു മുമ്പ് അതാത് മെഡിക്കൽ/ദന്തൽ/നഴ്സിംഗ് കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കേ തും പ്രിൻസിപ്പൽമാർ നിർദ്ദിഷ്ട രീതിയിൽ സമർപ്പിക്കപ്പെട്ട അപേക്ഷകൾ 2012 ഫെബ്രുവരി 14- ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ എത്തിച്ചുതരേ തുമാണ്. കരടുസ്ഥലംമാററ നിർദ്ദേശം അടങ്ങിയ ലിസ്റ്റ് ഫെബ്രുവരി 18 ന് മുമ്പ് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത കരട് നിർദ്ദേശത്തിന്മേലുള്ള പരാതികൾ 22/2/2012 ന് മുമ്പ് സമർപ്പിക്കേ തും ആയവ പരിശോധിച്ചശേഷം സ്ഥലം മാററ ഉത്തരവ് ഫെബ്രുവരി 29 ന് മുമ്പ് പുറപ്പെടുവിക്കുന്നതും ആണ്. പ്രസ്തുത ഉത്തരവിന്മേലുള്ള പരാതികൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യവകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിലുള്ള റിവ്യൂ കമ്മിററി പരിശോധിക്കുന്നതും കമ്മിററിയുടെ തീരുമാനം രേഖാമൂലം പരാതിക്കാരനെ അറിയിക്കുന്നതുമാണ്.

ഇതുവരെ നിശ്ചിത ഫാറത്തിൽ ഹോം സ്റ്റേഷൻ സംബന്ധിച്ച് ഡിക്ലറേഷൻ സമർപ്പിച്ചിട്ടില്ലാത്തവർ അതും അപേക്ഷയോടൊപ്പം സമർപ്പിക്കേ താണ്. സ്ഥലംമാററപ്പെടാനോ, അതേ സ്റ്റേഷനിൽതന്നെ തുടരുവാനോ പ്രത്യേക സംരക്ഷണത്തിന് അർഹതയുള്ളവരു ങ്കിൽ അങ്ങനെയുള്ളവർ അതിനാധാരമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേ താണ്. പ്രത്യേക സംരക്ഷണത്തിനുള്ള രേഖകൾ അപേക്ഷയോടൊപ്പമല്ലാതെ പിന്നീട് സമർപ്പിച്ചാൽ പരിഗണിക്കുന്നതല്ല. നേരിട്ടു സമർപ്പിക്കുന്നതും, നിർദ്ദിഷ്ട തീയതിക്കു ശേഷം സമർപ്പിക്കുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷകൾ ഓൺ ലൈനായും സമർപ്പിക്കേ താണ്. കരടു ലിസ്റ്റും അന്തിമ ലിസ്റ്റും 'www.arogyakeralam.gov.in' വെബ്സൈററിൽ പ്രസിദ്ധീകരിക്കുന്നതാണ്.

പൊതുസ്ഥലംമാററത്തിനുള്ള ഫാറം പ്രിൻസിപ്പാൾ മുൻവർഷങ്ങളിലേതുപോലെ തന്നെ ജീവനക്കാർക്ക് വിതരണം ചെയ്യേ താണ്.

ഒപ്പ്
ഡയറക്ടർ